41013

**കേരള സർക്കാർ**

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഹെൽത്ത് സർവീസ്സ് ജീവനകാര്യം- ജൂനിയർ കണസൾട്ടന്റ് (ഓർത്തോ)- താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(സാധാ)നം.1529/2017/ആ.കു.വ തിരുവനന്തപുരം, തീയതി,30.5.2017

---

പരാമർശം1.സർക്കാർ ഉത്തരവ് (അച്ചടി) നം.69/2010/ആകുവ തിയതി 17.2.2010

2.സർക്കാർ ഉത്തരവ് (അച്ചടി) തിയതി 433/2010 തിയതി 12.7.2010

3. ബഹു. കേരള അഡ്മിനിസ് ട്രേറ്റീവ് ട്രിബ്യൂണലിന്റെ 22.11.2016 ലെOA 2661/13, 1198/15, 1378/15 എന്നിവയിലെ പൊതു ഉത്തരവ്

4.സർക്കാർ ഉത്തരവ്(കൈയ്യെഴുത്ത്) 82/2017/ആകുവ നമ്പർ തിയതി 30.5.2017

5.ആരോഗ്യവകുപ്പ് ഡയറക്ടറുടെ EA1-95652/16/DHS തിയതി 29.6.2017 ലെ കത്ത്

**ഉത്തരവ്**

ബഹു.കേരള അഡ്മിനിസ് ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2661/13, 1198/15, 1378/15 എന്നിവയിലെ 22.11.2016 ലെ ഉത്തരവിൻറെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ ഓർത്തോ വിഭാഗം മെഡിക്കൽ ഓഫീസറുമാരുടെ സിനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിച്ച പരാമർശം 4 പ്രകാരം ഉത്തരവായിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 5 പ്രകാരം സമർപ്പിച്ച കത്തിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറഞ്ഞിരിക്കുന്ന ജൂനിയർ കൺസൾട്ടന്റ്മാരെ രൂപ 68700-110400 ശംബള സ്കെയിലിൽ താത്കാലിക സ്ഥാനക്കയറ്റത്തിന് നിലവിലുള്ള നിരോധനത്തിന് ഇളവ് നൽകി 1958 ലെ കെ.എസ്.എസ്.ആർ ചട്ടം 31(a) (1 )പ്രകാരം ഉത്തരവ് തിയതി മുതൽ താത്കാലിക സ്ഥാനകയറ്റം നൽകി അവരുടെ പേരിന് നേരേ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| നം | പേര്, തസ്തിക, നിലവിലെ സ്ഥാപനം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ഡോ.കെ.പ്രകാശൻ, ജൂനിയർ കൺസൾട്ടന്റ്,(ഓർത്തോ) THQH, പുളിങ്കുന്ന്, ആലപ്പുഴ | ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി |
| 2 | ഡോ.ലക്ഷ്മി.ആർ, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) THQH, നീണ്ടകര, കൊല്ലം | ജനറൽ ആശുപത്രി, എറണാകുളം |

| | | |
|---|---|---|
| 3 | ഡോ.കെ.വൽസലകുമാരി,<br>ജൂനിയർ കൺസൾട്ടൻറ് (ഓർത്തോ)<br>THQH,തൃപ്പൂണിത്തുറ,എറണാകുളം | THQH, ഫോർട്ട് കൊച്ചി,<br>എറണാകുളം |
| 4 | ഡോ.കെ. ജിതേന്ദ്രനാഥ്,<br>ജൂനിയർ കൺസൾട്ടൻറ്(ഓർത്തോ) താലൂക്ക്<br>ആശുപത്രി, കണ്ണൂപറമ്പ്, കണ്ണൂർ | ജില്ലാ ആശുപത്രി, കണ്ണൂർ |
| 5 | ഡോ.ശ്രീകുമാർ.ജി.എസ്,<br>ജൂനിയർ കൺസൾട്ടൻറ് (ഓർത്തോ),<br>താലൂക്ക് ആശുപത്രി, ഫോർട്ട്, തിരുവനന്തപുരം | ജില്ലാ ആശുപത്രി, കോഴഞ്ചേരി,<br>പത്തനംതിട്ട |

2. ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട ; ജില്ല ആശുപത്രി, കണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ ഡോക്ടർ ശ്രീകുമാറിനെയും ഡോക്ടർ ജിതേന്ദ്രനെയും നിയമിക്കുമ്പോൾ ഈ ആശുപത്രിയിലെ നിലവിലുള്ള കൺസൾട്ടൻറ് (ഓർത്തോ) യഥാക്രമം ഡോക്ടർ ജയശങ്കറിനെയും ഡോക്ടർ രാജ്മോഹനെയും നിലവിലുള്ള തസ്തികയിൽ നിന്നും റിവേർട്ട് ചെയ്ത് ജൂനിയർ കൺസൾട്ടൻറ് (ഓർത്തോ) തസ്തികയിലേക്ക് നിയമിച്ച് ഉത്തരവാകുന്നു. ആരോഗ്യവകുപ്പ് ഡയറക്ടർ ടി മെഡിക്കൽ ആഫീസർമാർക്ക് യഥാവിധി നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് സദാനന്ദൻ
**അഡിഷണൽ ചീഫ് സെക്രട്ടറി വേണ്ടി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർ, (ആരോഗ്യം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>**മേലെഴുത്ത്** നം.ഇ.എ 1-95652/2010/ആ.വ.ഡ തീയതി, 31/05/217</u>

അറിവിലേയ്ക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു. ജീവനക്കാർക്കും സ്ഥാപനമേധാവികൾക്കും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
3. ബന്ധപ്പെട്ട ജീവനക്കാർ
4. ഫയൽ/കരുതൽ [illegible]